## നവംബർ 2018

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരേ,

സഭയുടെ ധ്യാനപഞ്ചാംഗത്തിന്റെ തുടക്കം കുറിച്ചുകൊണ്ട് നവംബർ മാസം സമാരംഭിക്കുന്നു. സകല വിശുദ്ധന്മാരുടെയും ജീവിതാനുഭവങ്ങളെ കുറിച്ചുള്ള സ്മരണകളിലൂടെയാണ് ധ്യാനങ്ങൾ ആരംഭിക്കുന്നത്. അവരുടെ വിശ്വാസപാതയിലൂടെ നിരന്തരയാത്ര തുടരുവാൻ താല്പര്യപ്പെടുന്ന ഒരു പ്രവാസി സമൂഹമായി, വിളിച്ചു വേർതിരിക്കപ്പെട്ട ഒരു വിശുദ്ധ ഗണമായി സഭ എന്നും നിലനിൽക്കേണ്ടതത്രെ. ഭൗതിക വാദത്തിന്റെയും ധാർമ്മിക മൂല്യശോഷണത്തിന്റെയും നഗ്നമായ അഴിഞ്ഞാട്ടം പ്രബലപ്പെട്ടിരിക്കുന്ന ഈ നാളുകളിൽ നമ്മുടെ വിശ്വാസ യാത്ര സഭയുടെ വിശ്വാസ സമൂഹത്തിന്റെ ശ്രേഷ്ഠമായ മാതൃകകളെ പിൻപറ്റിക്കൊണ്ടും അവരുടെ വിശുദ്ധമായ ജീവിത ധന്യതയെ അനുസ്മരിച്ചുകൊണ്ടുമായിരിക്കണം. എല്ലാ സഭാ വിഭാഗങ്ങളിലും വികലതകൾ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടം കൂടിയാണിത്. ഏതു കാർമേഘത്തിന്റെ മധ്യത്തിലൂടെയും തുളച്ചിറങ്ങിവരുന്ന സൂര്യരശ്മികൾ പോലെയായിരുന്നു വിശുദ്ധന്മാരുടെ ജീവിത മാതൃകകൾ. എന്നതുപോലെ ഈ കാലഘട്ടത്തിലും അന്ധകാരാവൃതമായ അന്തരീക്ഷത്തെ നിഷ്ക്കാസനം ചെയ്യുന്ന ക്രിസ്തു എന്ന നീതിയിൻ സൂര്യന്റെ സൂര്യകിരണങ്ങളായി ലോകത്തിനു വെളിച്ചം നൽകുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു എന്ന അവബോധം നമുക്കൊരിക്കലും നഷ്ടപ്പെടുവാൻ പാടുള്ളതല്ല. ഭൗതികവാദത്തിന്റെയും മനുഷ്യന് ദൈവം കൊടുത്തതായ കൃപാമുഖാന്തിരങ്ങൾ ഉപയോഗിച്ച് മനുഷ്യൻ കൈവരിച്ചതായ ശാസ്ത്രീയ പുരോഗതിയുടെയും പേരിൽ മനുഷ്യൻ അവയെല്ലാം നൽകിയ ദാതാവിനെ മറന്ന് പ്രവർത്തിക്കാനുള്ള പ്രവണതകളാണ് പലപ്പോഴും മൂല്യങ്ങളുടെ തന്നെ അടിത്തറ ഇളക്കുന്നത് എന്ന് നാം മനസ്സിലാക്കേണ്ടതാണ്. ഇന്ന് സമൂഹത്തിൽ വേരുറപ്പിക്കപ്പെടുന്നതായ സ്വവർഗ്ഗരതി, സ്വവർഗ്ഗ വിവാഹം വിവാഹത്തിന്റെ നിർമ്മലാവസ്ഥയെ വഷളാക്കുന്ന താളപ്പിഴകൾ എന്നിവ എല്ലാ മതങ്ങളെയും സഭകളെയും തന്നെ പലപ്പോഴും പ്രതിസന്ധികളിലാക്കുന്നുണ്ട്. എല്ലാ മതങ്ങളിലുമുള്ള വിശ്വാസത്തെതന്നെ ശോഷിപ്പിക്കുന്ന തരത്തിൽ സമൂഹത്തിലുണ്ടാകുന്ന പ്രഖ്യാപനങ്ങൾ വിശ്വാസമേഖലകളിൽ നുഴഞ്ഞുകയറുന്ന അനാശാസ്യ പ്രവണതകൾ മുതലായവ ഇതിന് നിദർശനങ്ങളാണ്. ഇവയോട് സംവാദം നടത്താം. എന്നാൽ നീതിന്യായ വ്യവസ്ഥകളെ തകിടം മറിക്കുന്ന പ്രവർത്തനങ്ങളിലേക്ക് ചാഞ്ഞുപോകാതെ വിശ്വാസത്തിന്റെ സ്ഥിരതയിലുറച്ചുനിന്ന് ആദിമ നൂറ്റാണ്ടിലെ സഭയെപ്പോലെ ധീരതയോടെ വിശ്വാസത്തിനുവേണ്ടി നിലകൊള്ളുവാനുള്ള ഉത്തരവാദിത്വം നമുക്കുണ്ട്. ശബരിമല വിശ്വാസത്തിന്റെ പാവനതയെ ഹനിക്കുന്ന വിധത്തിൽ ഉണ്ടായിരിക്കുന്ന പ്രഖ്യാപനങ്ങളും പ്രതികരണങ്ങളും ശബരിമലയെ ഒരു സംഘർഷഭൂമിയാക്കിമാറ്റുന്നു എന്നത് ഏറെ നിർഭാഗ്യകരമായ ഒരു അവസ്ഥാവിശേഷമാണ്. കേരളത്തിൽ നിലനിന്ന ശൈവമതവും പിന്നീട് കടന്നുവന്ന വൈഷ്ണവ മതവും തമ്മിലുള്ള സംയോജനത്തിന്റെ അടയാളമാണ് ശബരിമല ശാസ്താവിലുള്ള വിശ്വാസം. ശബരിമല ശാസ്താവുമായി ബന്ധപ്പെട്ട ഐതീഹ്യവും ഈ വിശ്വാസത്തെ പ്രകടമാക്കുന്നതാണ്. എന്നാൽ ബീഹാറിൽ വേരുറച്ചതുമായ വിശ്വാസ സംഹിതയോടുള്ള പ്രതികരണമായി ബുദ്ധമതവും ഉത്തരേന്ത്യയിൽ ജൈനമതവും പിന്നീട് രൂപം കൊണ്ടു. ആയതിൽ ബുദ്ധമതവിശ്വാസം കേരളത്തിൽ പ്രബലമായിത്തീരുകയും ചെയ്തു. ആ വിശ്വാസത്തിന്റെ അന്തസത്ത കൂടി ശബരിമല വിശ്വാസത്തിൽ ഉൾക്കൊണ്ടിട്ടുണ്ട്. ബുദ്ധമതക്കാർ ബുദ്ധം ശരണം ഗച്ഛാമി, സംഘം ശരണം ഗച്ഛാമി, ധർമ്മം ശരണം ഗച്ഛാമി എന്ന മന്ത്രോച്ചാരണങ്ങളുടെ സ്വാധീനം ശബരിമല തീർത്ഥാടകരുടെ ശരണംവിളികളിലും പ്രതിഫലിക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. മൂന്നു മതങ്ങളുടെയും വിശ്വാസ സംഹിതകൾ ഉൾക്കൊണ്ട്, ക്ഷേത്രപ്രവേശന വിളംബരത്തിന് മുമ്പ് ക്ഷേത്രപ്രവേശനം നിഷേധിക്കപ്പെട്ടവർക്ക് കടന്നു ചെല്ലാവുന്ന ഒരു ആരാധനാകേന്ദ്രമായിട്ടാണ് ശബരിമല നിലകൊണ്ടിട്ടുള്ളത്. ആ വിശ്വാസത്തിന് കളങ്കം വരുത്തുന്ന രീതിയിൽ രൂപപ്പെടുന്ന പ്രവണതകളും പ്രതികരണങ്ങളും പുന:പരിശോധനയ്ക്ക് വിധേയമാകണമെന്നുള്ളതാണ് നമ്മുടെ അഭിമതം. ശബരിമലയിൽ നാഗരിക സൗകര്യങ്ങൾ ഉണ്ടായിരുന്നുവെങ്കിൽ സ്ത്രീ പ്രവേശനം ഒരു പ്രശ്നമാകില്ലായിരുന്നു. ഒരു പക്ഷേ ആ സൗകര്യങ്ങളുടെ അപര്യാപ്തത മൂലമായിരിക്കാം പ്രവേശിച്ചാലുള്ള അസൗകര്യങ്ങൾ മുൻനിർത്തി ശബരിമല ക്ഷേത്രപ്രവേശനത്തിന് നിയന്ത്രണം വരുത്തിയത്. വിലക്ക് എന്ന് പറയുന്നില്ല; നാട്ടിലുള്ള ശാസ്താ ക്ഷേത്രങ്ങളിൽ സ്ത്രീകൾ പൂർണ്ണസ്വാതന്ത്ര്യത്തോടെ പോകുന്ന സാഹചര്യം ഉണ്ടല്ലോ. വേണ്ടത്ര സൗകര്യങ്ങൾ ഒരുക്കാതെ പ്രവേശനം അനുവദിച്ചാലുള്ള പ്രയാസങ്ങൾ എല്ലാവരും തിരിച്ചറിഞ്ഞാൽ നന്നായിരുന്നു. ശബരിമല ഒരു സംഘർഷഭൂമിയായി മാറാതിരിക്കാൻ എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം ഉണ്ടാകേണ്ടതാണ്.

ഓൾഡ് കാതലിക് ചർച്ചും മാർത്തോമ്മാ സഭയും തമ്മിലുള്ള ബന്ധത്തെയും ധാരണകളെയും വർദ്ധിപ്പിക്കുന്നതിനുള്ള ഒരു സംവാദം ഇപ്പോൾ നടന്നുവരികയാണ്. ഔദ്യോഗികമായുള്ള യോഗത്തിൽ നമ്മുടെ അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ തിയോഡോഷ്യസ് എപ്പിസ്കോപ്പായും അഭിവന്ദ്യ ഡോ. ഐസക് മാർ ഫീലക്സിനോസ് എപ്പിസ്കോപ്പായും സംബന്ധിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ അതിനുമുൻപ് പ്രസ്തുത സഭയുടെ ആകമാനമുള്ള സുനഹദോസിലും അതിനെ തുടർന്ന് നാലു വർഷത്തിലൊരിക്കൽ നടക്കുന്ന നാലു ദിവസം നീണ്ടുനിൽക്കുന്ന പരിപാടികളിലും പങ്കെടുക്കുവാൻ മുഖ്യാതിഥിയായി ക്ഷണിക്കപ്പെട്ടതനുസരിച്ച് വിയന്നായിൽ വെച്ചു നടന്ന ബിഷപ്പ്സ് കോൺഫ്രൻസിലും തുടർന്നു നടന്ന ഓൾഡ് കാതലിക് കോൺഗ്രസിലും സെപ്റ്റംബർ 18-22 വരെയുള്ള ദിവസങ്ങളിൽ നാം പങ്കെടുക്കുകയുണ്ടായി. സെപ്റ്റംബർ 23-ാം തീയതി സ്വിറ്റ്സർലന്റിലെ സൂറിച്ചിൽ മാർത്തോമ്മാ കോൺഗ്രിഗേഷന്റെ വിശുദ്ധ കുർബാനയ്ക്ക് നേതൃത്വം നൽകി. 24-ാം തീയതി ഡബ്ല്യൂ.സി..സി. ആസ്ഥാനം സന്ദർശിക്കുകയും ജനറൽ സെക്രട്ടറിയുമായി കണ്ട് സംസാരിക്കുകയുമുണ്ടായി. 25-ാം

തീയതി ഫ്രാൻസിലെ Taizé എക്യുമെനിക്കൽ കമ്മ്യൂണിറ്റിയെ സന്ദർശിച്ചു. കഴിഞ്ഞ ലോകമഹായുദ്ധകാലത്ത് ബ്രദർ റോജർ എന്നു പറയുന്ന ദാർശനികന്റെ ഭാവനയിൽ രൂപം കൊണ്ട എക്യുമെനിക്കൽ മൊണാസ്ട്രി ആകുന്നു അത്. ഇപ്പോൾ അതിന്റെ മേധാവി ബ്രദർ അലോയിസിനെയും കണ്ട് സംസാരിക്കുന്നതിനും സാധിച്ചു. അവിടെ നടന്നുകൊണ്ടിരുന്ന യുവജന സമ്മേളനത്തിൽ പങ്കെടുത്തിരുന്ന യുവജനങ്ങളോടൊപ്പം ആരാധനയിൽ പങ്കെടുത്ത് അവരോട് സംസാരിക്കുന്നതിന് സാധിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള യുവജനങ്ങൾ വന്നു പങ്കെടുത്ത ഒരു സമ്മേളനമായിരുന്നു അത്. 27, 28 തീയതികളിൽ റോമിലേക്ക് യാത്ര ചെയ്യുകയും സെൻറ് പോൾസ് ബെസിലിക്ക സന്ദർശിക്കുകയും ചെയ്തു. അപ്പോസ്തലനായ വിശുദ്ധ പൗലോസിന്റെ ഭൗതികശരീരം മറവു ചെയ്തിട്ടുള്ള സ്ഥലവും ശിരച്ഛേദം നടത്തിയ കുന്നും അദ്ദേഹം കിടന്നതായ തടവറയും ഇപ്പോഴും കേടുപാടുകൾ കൂടാതെ സംരക്ഷിച്ചിരിക്കുന്നത് കാണുവാൻ ഇടയായി. ക്രിസ്തുവിനുവേണ്ടി ഒരു പാനീയ യാഗമായി തന്റെ ജീവിതം സമർപ്പിച്ച ആ വിശുദ്ധ ജീവിതത്തിന്റെ ധന്യതയോർത്ത് ദൈവത്തെ സ്തുതിക്കുവാൻ ലഭിച്ച ഒരു അവസരമായിരുന്നു അത്. പൊന്തിഫിക്കൽ കൗൺസിൽ ഫോർ പ്രൊമോട്ടിംങ് ക്രിസ്ത്യൻ യൂണിറ്റി സന്ദർശിക്കുന്നതിനും അവിടെ നടന്നുകൊണ്ടിരുന്ന ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ കർദ്ദിനാൾമാരുടെയും ബിഷപ്പുമാരുടെയും സമ്മേളനത്തിലും അല്പസമയം പങ്കെടുക്കുന്നതിന് സാധിച്ചതിൽ വളരെയധികം സന്തോഷമുണ്ട്. ലോകസമാധാനത്തിനുവേണ്ടി നിലകൊള്ളുന്ന ഫോക്കിലാരി മൂവ്മെന്റിന്റെ ആസ്ഥാനം സന്ദർശിക്കുന്നതിനിടയായി. എക്യുമെനിക്കൽ പ്രസ്ഥാനങ്ങളുടെ കാലോചിതമായ വളർച്ച തിരിച്ചറിയുന്നതിനും പുതുദർശനങ്ങൾ പങ്കുവയ്ക്കുന്നതിനും ലഭിച്ച അവസരങ്ങളായിരുന്നു ഈ യാത്രയിലെ ഓരോ അനുഭവങ്ങളും എന്നോർത്ത് ദൈവത്തെ സ്തുതിക്കുന്നു.

നമ്മുടെ സഭയിൽ മേൽപ്പട്ടത്വ ശുശ്രൂഷയുടെ രജതജൂബിലി നിറവിലായിരിക്കുന്ന അഭിവന്ദ്യരായ ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പയുടെയും തോമസ് മാർ തിമോത്തിയോസ് എപ്പിസ്കോപ്പായുടെയും ഡോ. ഐസക് മാർ ഫീലക്സിനോസ് എപ്പിസ്കോപ്പായുടെയും ശുശ്രൂഷകളെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നതിനും ആശംസകൾ നേരുന്നതിനുമായി ഒക്ടോബർ 2-ാം തീയതി ഒരു ജൂബിലി സമ്മേളനം തിരുവനന്തപുരം സെന്റ് തോമസ് സ്കൂളിൽ വെച്ച് നടക്കുകയുണ്ടായി. മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് പ്രവേശിച്ചിട്ട് 12-ാം സംവത്സരത്തിലേക്ക് നാം പദമൂന്നുന്ന ഒരു ദിവസംകൂടിയായിരുന്നു അത്. നമ്മുടെ മേൽപ്പറഞ്ഞ മൂന്നു എപ്പിസ്കോപ്പാമാരിലൂടെയും സഭയ്ക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ശുശ്രൂഷകളെയോർത്ത് നമ്മുക്ക് ദൈവത്തിന് സ്തോത്രം കരേറ്റാം. അതോടൊപ്പം തന്നെ വലിയവനായ ദൈവം നമുക്ക് നൽകിയ ശാരീരികവും ആത്മീയവുമായ എല്ലാ കൃപാവരങ്ങളെയും അനുസ്മരിക്കുന്നതിനുള്ള അവസരംകൂടിയായിരുന്നു അത്.

1957 ഒക്ടോബർ 18 നാണ് കശ്ശീശാ പട്ടം ഏറ്റ് ഒരു പട്ടക്കാരനായി നാം ശുശ്രൂഷ ആരംഭിച്ചത്. അതിനടുത്ത ഞായറാഴ്ച സർവ്വാദരണീയരായ കലമണ്ണിൽ ഉമ്മൻ അച്ചന്റെയും നമ്മുടെ പിതൃസഹോദരനും ജ്ഞാനപിതാവുമായ പാലക്കുന്നത്ത് ദിവ്യശ്രീ. പി.എം. മത്തായി കശ്ശീശായുടെയും സാന്നിധ്യത്തിൽ പുത്തൻ കുർബ്ബാന അനുഷ്ഠിച്ചു. പുത്തൻ കുർബ്ബാന അനുഷ്ഠിച്ചതിന്റെ 61 സംവത്സരങ്ങൾ പൂർത്തീകരിച്ച് പട്ടത്വശുശ്രൂഷയിൽ 62-ാം സംവത്സരത്തിലേക്ക് നാം ഇപ്പോൾ പ്രവേശിച്ചിരിക്കുകയാണ്. വിവിധ കൃപാമുഖാന്തരങ്ങളിലൂടെ ആത്മീയമായും ശാരീരികമായും മാനസികമായും ശക്തീകരിച്ച് വഴിനടത്തിയ സർവ്വശക്തനായ ദൈവത്തിന് സ്തുതി സ്തോത്രങ്ങൾ അർപ്പിക്കുന്നു. എല്ലാവരുടെയും പ്രാർത്ഥനയുടെ പിന്തുണയ്ക്കായി താല്പര്യപ്പെടുന്നു.

ഒക്ടോബർ 4 മുതൽ 6 വരെ നിരണം-മാരാമൺ ഭദ്രാസനത്തിന്റെ ക്ലർജി കോൺഫറൻസ് മാവേലിക്കരയിൽ വെച്ചും ഒക്ടോബർ 15 മുതൽ 17 വരെ റാന്നി-നിലയ്ക്കൽ ഭദ്രാസനത്തിന്റെ ക്ലർജി കോൺഫറൻസ് കുറ്റാലത്തു വച്ചും ക്രമീകൃതമായ രീതിയിൽ വളരെ അനുഗ്രഹകരമായി നടക്കുകയുണ്ടായി. ഒക്ടോബർ 6, 7 തീയതികളിൽ പൂനാ സെന്റ് പീറ്റേഴ്സ് മാർത്തോമ്മാ ഇടവകയുടെ ജൂബിലി പരിപാടിയിൽ പങ്കെടുക്കുകയുണ്ടായി. ഒക്ടോബർ 17-ാം തീയതി മാങ്ങാനം മന്ദിരം ആശുപത്രിയുടെ 75-ാം വാർഷികത്തിൽ പങ്കെടുത്തു. ബഹു. കേരള ഗവർണർ ജസ്റ്റിസ് പി. സദാശിവം ആ സമ്മേളനത്തിൽ മുഖ്യാതിഥിയായിരുന്നു.

കനേഡിയൻ മാർത്തോമ്മാ ഇടവകയുടെ ഒന്നാം വാർഷികത്തിൽ പങ്കെടുത്തു. മടക്കയാത്രയിൽ ദോഹ ഇടവകയുടെ ഫാമിലി സൺഡേയിൽ വിശുദ്ധ കുർബാനയ്ക്കും 50 കുട്ടികളുടെ ആദ്യകുർബാനയ്ക്കും നേതൃത്വം നൽകി. ഗാസിയബാദ് സ്കൂൾ സംബന്ധിച്ചുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി സി.ബി.എസ്.ഇ. ഭാരവാഹികളുടെ പുന:സന്ദർശനം ക്രമീകരിക്കുകയും അതിലൂടെ പ്രതിസന്ധികൾ മാറുകയും സ്കൂൾ പ്രവർത്തനത്തിന് പൂർണ്ണ അംഗീകാരം ലഭിക്കുകയും ചെയ്തതിലുള്ള സന്തോഷം അറിയിക്കുന്നു. കൽക്കട്ടാ തെരുവിലെ മാനസിക വെല്ലുവിളികൾ നേരിട്ട് അശരണരായി കഴിയുന്ന ജനങ്ങളുടെ പുനരധിവാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന അന്താരാ പ്രസ്ഥാനത്തിന്റെ ആദ്യ സെക്രട്ടറിയായി സർവ്വാദരണീയയായ മദർ തെരേസയോടൊപ്പം പ്രവർത്തിച്ച ശ്രീമതി ഏലിയാമ്മ ജോൺ (87) (കുഞ്ഞൂഞ്ഞമ്മ) ഒക്ടോബർ 15-ാം തീയതി നിര്യാതയായി. മദർ തെരേസയോടൊപ്പം സി.എൻ.ഐ. സഭയുടെ കത്തീഡ്രൽ റിലീഫും കൽക്കട്ടായിലെ അർമേനിയൻ സഭയും മാർത്തോമ്മാ സഭയും യോജിച്ചുള്ള ഒരു പ്രസ്ഥാനമത്രേ അന്താരാ സംരക്ഷണ കേന്ദ്രം. അതിന് നേതൃത്വം നൽകിയത് കുഞ്ഞൂഞ്ഞമ്മയുടെ ഭർത്താവായ പരേതനായ കുഞ്ഞൂഞ്ഞ് (പി.എം. ജോൺ) ആയിരുന്നു. ശുശ്രൂഷാ മേഖലകളിൽ നിസ്തുല്യ പ്രതിഭകളും മാതൃകകളുമായിരുന്ന ഇവരുടെ സേവനങ്ങളെയോർത്ത് ദൈവത്തെ സ്തുതിക്കുന്നു. ഇന്നും അഭംഗുരം തുടരുന്ന ജീവകാരുണ്യ സേവന പ്രവർത്തനങ്ങളിൽ സജീവമായി വ്യാപൃതരായിരിക്കുന്ന അവരുടെ പ്രിയ മകൻ ഡോ. ജിറ്റിയെയും കുടുംബത്തെയും ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. പ്രിയപ്പെട്ട മാതാവിന്റെ വേർപാടിൽ ദുഃഖാർത്തരായിരിക്കുന്ന പ്രിയപ്പെട്ടവർക്ക് ആശ്വാസവും ധൈര്യവും പ്രത്യാശയും നൽകുന്നതിനായി പ്രാർത്ഥിക്കുന്നു. നമ്മുടെ വികാരി ജനറാൾ വെരി റവ. കെ.ഒ. ഫിലിപ്പോസ് അച്ചന്റെ മാതാവ് ശോശാമ്മ ഉമ്മൻ (97) നിര്യാതയായി. അച്ചന്റെ പിതാവ് 98-ാമത്തെ വയസ്സിൽ വാർദ്ധക്യസഹജമായ ക്ഷീണതയിലായിരിക്കുന്നു. ആ കുടുംബത്തെയോർത്ത് പ്രത്യേകം പ്രാർത്ഥിക്കുന്നു. നമ്മുടെ റവ. ഡോ. വൈ.റ്റി. വിനയരാജ് അച്ചന്റെ പിതാവ് ഇവാഞ്ചലിസ്റ്റ് എ.ആർ. യേഹൂ (73) ഒക്ടോബർ 19-ാം തീയതി നിര്യാതനായി. തെക്കൻ തിരുവിതാംകൂർ മേഖലയിലെ സുവിശേഷവേലയിൽ അനുഗൃഹീതമായ ശുശ്രൂഷകൾ നിർവ്വഹിച്ച പ്രിയപ്പെട്ട ഉപദേശി, വിശിഷ്യ തന്റെ മകൻ റവ. ഡോ. വൈ.റ്റി. വിനയരാജ് അച്ചനെ സഭാ ശുശ്രൂഷയ്ക്കായി നല്കുവാൻ തയ്യാറായ കൃപാമുഖാന്തരങ്ങൾക്കായി ദൈവത്തെ സ്തുതിക്കുന്നു. റാന്നി-നിലയ്ക്കൽ ഭദ്രാസനത്തിന്റെ ട്രഷററായ സജി മുക്കരണത്തിന്റെ ഭാര്യാ മാതാവ് നിര്യാതയായി. പന്തളം മാർത്തോമ്മാ സെന്റർ നിർമ്മാണ കാലഘട്ടത്തിൽ അവിടെയുണ്ടായിരുന്ന ആ കുടുംബത്തിൽ നിന്നു ലഭിച്ച സഹകരണത്തെ അനുസ്മരിക്കുന്നു. പ്രിയപ്പെട്ടവരുടെ വേർപാടിൽ ദുഃഖത്തിലായിരിക്കുന്ന പ്രിയപ്പെട്ടവരോടുള്ള സഭയുടെ അനുശോചനം അറിയിക്കുന്നു.

വെല്ലൂർ സി.എം.സി. ആശുപത്രിയുടെ പുതിയ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം ആരംഭിക്കുന്ന പുതിയ സ്ഥലത്തോടനുബന്ധിച്ച് രണ്ട് ഗൈഡൻസ് സെന്റർ കൂടി ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥലം വാങ്ങുന്നതിന്റെ ആദ്യപടിയായി നിശ്ചയിച്ചതിന്റെ പകുതി പണം നൽകി ആധാരം എഴുത്ത് നടത്തുകയുണ്ടായി. ബാക്കി പണം മാർച്ച് 31 ന് മുമ്പ് നൽകി ആധാരമെഴുത്ത് നടപടി പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. ഇപ്പോൾ നിലവിലുള്ള രണ്ട് ഗൈഡൻസ് സെന്ററുകളുടെ പ്രവർത്തനം വളരെ ഫലകരമായ രീതിയിൽ നിർവ്വഹിക്കപ്പെട്ടുവരികയാണ്. മേൽപ്പറഞ്ഞ സ്ഥലം വാങ്ങുന്നതിനായുള്ള പണം ഇനിയും ലഭ്യമാകേണ്ടതായിട്ടാണിരിക്കുന്നത്. ഉദാരമതികളായവരുടെ സംഭാവനകൾ പ്രതീക്ഷിക്കുന്നു. നൽകുന്ന തുകയ്ക്ക് ടാക്സ് ഇളവ് വേണമെന്നുള്ളവർ Secretary & Treasurer, Mar Thoma Public Charitable Trust ന്റെ പേരിലും മറ്റുള്ളവർ സഭാ ഓഫീസിലേക്കോ ചെന്നൈ-ബാംഗ്ലൂർ ഭദ്രാസന ഓഫീസിലേക്കോ ചെക്കായോ തുകയായോ സംഭാവനകൾ നൽകാവുന്നതാണ്.

സഭ സമൂഹത്തിൽ നിന്ന് ദൈവം പ്രത്യേകമായി വിളിച്ച് വേർതിരിക്കപ്പെട്ട് വിവിധ ദൗത്യങ്ങളിലേക്ക് നിയോഗിക്കപ്പെട്ട സമൂഹമാണ്. എന്തിനുവേണ്ടിയാണ് നമ്മുടെ നിയോഗം? ഭൂമിയുടെ ഉപ്പായി ജീർണ്ണതയുള്ള സമൂഹത്തിലേക്ക് കടന്നുചെന്ന് അവിടെ ഒരു ശുദ്ധീകരണം നിർവ്വഹിച്ച് ലോകത്തിന് സ്നേഹത്തിന്റെയും നന്മയുടെയും വിശുദ്ധിയുടെയും രുചി പകരുക എന്നതാണ് കർത്താവ് നമുക്ക് നൽകിയിരിക്കുന്ന നിയോഗം. നവംബർ 4 ഞായർ കൂദോശ് ഈത്തോ (സഭാ ശുദ്ധീകരണം) ഞായറായി സഭ ആചരിക്കുകയാണ്. ആ ദിവസം ലോക സൺഡേസ്കൂൾ ദിനം കൂടിയാണ്. സഭയിൽ കുഞ്ഞുങ്ങൾക്കുള്ള സ്ഥാനത്തെക്കുറിച്ചും കുഞ്ഞുങ്ങളോടുള്ള സഭയുടെ സമീപനത്തെക്കുറിച്ചും കൂടുതൽ ഉൾക്കാഴ്ചകൾ ഉൾക്കൊള്ളുന്ന ധ്യാനങ്ങളാണ് അന്ന് നടക്കേണ്ടത്. വി.മാമോദീസായിലൂടെ നമ്മുടെ കുഞ്ഞുങ്ങൾ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയോട് ചെടികളിൽ നടക്കുന്ന ഗ്രാഫ്റ്റിംഗ് പോലെ ചേർക്കപ്പെടുകയാണ്. സൺഡേസ്കൂളുകളിൽ കുട്ടികളെ അയയ്ക്കുന്ന കാര്യത്തിലും പഠന കാര്യത്തിലും കൂടുതൽ ജാഗ്രത പുലർത്തുന്നത് ഇന്ന് വിദേശ രാജ്യങ്ങളിലുള്ള നമ്മുടെ സഭാ ജനങ്ങളാണ് എന്നത് ഒരു വാസ്തവമത്രെ. നമ്മുടെ നാട്ടിലെ സൺഡേസ്കൂളുകൾ കൂടുതൽ ജാഗ്രതയോടുകൂടി സൺഡേസ്കൂൾ വിദ്യാഭ്യാസത്തെ പരിഗണിക്കുകയും തങ്ങളുടെ കുഞ്ഞുങ്ങളെ സൺഡേസ്കൂളിൽ വിടുന്ന കാര്യത്തിൽ മാതാപിതാക്കൾ ഏറെ ജാഗ്രത പുലർത്തുകയും ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം കുഞ്ഞുങ്ങളുടെ ഭാവിയും സഭയുടെ ഭാവിയും ഇരുളടഞ്ഞതാകുവാനുള്ള സാധ്യത വളരെ കൂടുതലാണ് എന്ന് ഓർമ്മിപ്പിക്കട്ടെ. സൺഡേസ്കൂളും അവധിക്കാലത്തെ വി.ബി.എസ്സും കുട്ടികളിൽ ചെലുത്തുന്ന സ്വാധീനം വളരെവലുതാണ് എന്ന് എല്ലാവരും തിരിച്ചറിയേണ്ടതായിട്ടുണ്ട്. നവംബർ 11 ഞായർ ഹൂദോസ് ഈത്തോ ഞായറാണ്. സഭയുടെ പുതുക്കത്തെക്കുറിച്ചാണ് അന്ന് സഭയായി ധ്യാനിക്കുന്നത്. സഭ തണ്ടിന്മേൽ തെളിച്ച ദീപമാണ് എന്ന സന്ദേശം അന്ന് നാം ധ്യാനിക്കുന്നു. സി.എസ്.ഐ., സി.എൻ.ഐ., മാർത്തോമ്മാ സഭകളുടെ ഐക്യാഘോഷ ദിനം കൂടിയാണ് അന്ന്. ഇരുളടഞ്ഞ ഇന്നത്തെ ലോകസാഹചര്യങ്ങളിൽ കർത്താവിന്റെ കരങ്ങളിൽ എടുക്കപ്പെട്ട്, ഉയർത്തപ്പെട്ട് ലോകത്തിന്റെ വെളിച്ചമായ കർത്താവിന്റെ കരങ്ങളാൽ തന്നെ കൊളുത്തപ്പെട്ട് ലോകത്തിന് വെളിച്ചം നൽകുക എന്നത് കർത്താവ് നമുക്ക് നൽകുന്ന നിയോഗം. നവംബർ 18 ഞായർ സെഖര്യാവിനോടുള്ള കർത്താവിന്റെ ദൂതന്റെ അറിയിപ്പിനേക്കുറിച്ചും നവംബർ 25 ഞായർ കന്യക മറിയാമിനോടുമുള്ള അറിയിപ്പിനെ കുറിച്ചുമാണ് നാം ചിന്തിക്കുന്നത്. സ്നാപക യോഹന്നാന്റെ ജനനത്തെക്കുറിച്ച് അറിയിപ്പ് ലഭിച്ചപ്പോൾ സെഖര്യാവ് അത് വിശ്വസിക്കാൻ തയ്യാറായില്ല. അതോടുകൂടി സെഖര്യാവിന്റെ നാവിന് കെട്ടുവീഴുകയാണ്. അതേസമയം മറിയയോട് ദൂതൻ അറിയിക്കുമ്പോൾ മാനുഷികമായ രീതിയിലുള്ള സംശയം മറിയ പ്രകടിപ്പിച്ചെങ്കിലും ദൂതന്റെ അറിയിപ്പിൽ വിശ്വാസം അർപ്പിച്ചുകൊണ്ട് "ഇതാ ഞാൻ കർത്താവിന്റെ ദാസി നിന്റെ വാക്കുപോലെ എനിക്ക് ഭവിക്കട്ടെ" എന്നു പറയുകയാണുണ്ടായത്. മറിയയുടെ ആ ഉറച്ച വിശ്വാസത്തെക്കുറിച്ചും തന്റെ ഭർത്താവിന്റെ സംശയത്തെക്കുറിച്ചും'അറിവുണ്ടായിരുന്നതുകൊണ്ടാണ് ഗർഭിണിയായ മറിയ ദീർഘദൂരം സഞ്ചരിച്ച് എലിസബത്തിനെ കാണുവാനായി വന്നപ്പോൾ "കർത്താവ് അരുളി ചെയ്തതിന് നിവൃത്തിയുണ്ടാകും എന്ന് വിശ്വസിച്ച നീ ഭാഗ്യവതി" എന്ന് എലിസബേത്ത് ആത്മനിറവിൽ പ്രഖ്യാപിക്കുന്നത്. അപ്പോൾ മറിയയും അപ്രകാരമുള്ള ഉണർവ്വോടെ എലിസബേത്തിന്റെ വാക്കുകളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് "ഇന്നുമുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്ന് വാഴ്ത്തും" എന്ന് പ്രഖ്യാപിക്കുന്നത് നാം അവിടെ കാണുന്നു. ആ അമ്മയുടെ മകൻ അമ്മയുടെ മാതൃക ഉൾക്കൊണ്ടാണ് ഗദ്സമനയിൽ ഇരുന്നുകൊണ്ട് "പിതാവേ എന്റെയിഷ്ടമല്ല നിന്റെ ഇഷ്ടം നിറവേറട്ടെ" എന്ന് പ്രാർത്ഥിക്കുന്നത്. നവംബർ മാസത്തെ ധ്യാനങ്ങളുടെ സമാപനം മാർ അന്ത്രയോസ് ശ്ലീഹാ നാളുമായി ബന്ധപ്പെട്ടുള്ള ചിന്തകളാണ്. അന്ത്രയോസ് ശിഷ്യന്മാരുടെ കൂട്ടത്തിലെ ഏറ്റവും ശ്രദ്ധേയമായ ചില സവിശേഷതകളുള്ള ഒരു വ്യക്തിത്വമാണ്. അന്ത്രയോസ് യേശുവിനെ കണ്ടു. യേശു ആരാണെന്ന് തിരിച്ചറിഞ്ഞ അന്ത്രയോസ് തന്റെ സാക്ഷ്യം ആദ്യം പങ്കുവയ്ക്കുന്നത് തന്റെ പ്രിയ സഹോദരനായ പത്രോസിനോടാണ്. അതായത് സാക്ഷ്യം ആരംഭിക്കുന്നത് സ്വന്തം ഭവനത്തിലാണ്. നമ്മുടെ ക്രിസ്തീയ സാക്ഷ്യം നമ്മുടെ സഹോദരങ്ങളുമായുള്ള ബന്ധത്തിൽ, നമ്മുടെ മാതാപിതാക്കളുമായുള്ള ബന്ധത്തിൽ, നമ്മുടെ കുഞ്ഞുങ്ങളോടുള്ള സമീപനത്തിൽ, ഭാര്യാഭർത്തൃ ബന്ധത്തിൽ എത്രത്തോളം യാഥാർത്ഥ്യമായി തീരുന്നുണ്ട് എന്ന് ചിന്തിക്കേണ്ട ഒരു കാലഘട്ടമാണിത്. സ്വാതന്ത്ര്യത്തിന് പുതിയ മാനങ്ങൾ കോടതികൾ നൽകിയാലും കുടുംബജീവിതം ധന്യമാകുന്നതും മൂല്യമുള്ള ഒരു കുടുംബസംസ്കാരം വളരുന്നതും ദാമ്പത്യത്തിലെ പരസ്പരമുള്ള വിശ്വസ്തതയുടെ അടിസ്ഥാനമൂല്യത്തിലാണ്. "അവർ ഇനി രണ്ടല്ല ഒന്നത്രെ" എന്ന കർത്താവിന്റെ വാക്കുകളും "കൂട്ടുകാരന്റെ ഭവനത്തെ മോഹിക്കരുത്; കൂട്ടുകാരന്റെ ഭാര്യയെയും അവന്റെ ദാസനെയും ദാസിയെയും അവന്റെ കാളയെയും കഴുതയെയും കൂട്ടുകാരനുള്ള യാതൊന്നിനെയും മോഹിക്കരുത്" എന്ന ദൈവകല്പനയും ഉൾക്കൊണ്ട് മൂല്യാധിഷ്ഠിതമായ ഒരു സംസ്കാരം കെട്ടുപണി ചെയ്യണമെങ്കിൽ വിശ്വാസസ്ഥിരതയോടുകൂടി ക്രിസ്തീയ സാക്ഷ്യത്തിൽ നാം മുമ്പോട്ടുപോകുമ്പോൾ മാത്രമേ സാധിക്കുകയുള്ളൂ. ജനനപ്പെരുന്നാളിന്റെ നാളുകളിലേക്ക് നാം പ്രവേശിക്കുകയാണ്. സ്നാപക യോഹന്നാന്റെ പിതാവായ സെഖര്യാവ് നാവിന്റെ കെട്ടഴിഞ്ഞപ്പോൾ പറഞ്ഞ ലാവണ്യ വാക്കുകൾ നമ്മുടെ ഉള്ളങ്ങളിലും പ്രകാശമായി നിറയട്ടെ. "ഇരുളിലും മരണനിഴലിലും ഇരിക്കുന്നവർക്കു പ്രകാശിച്ചു, നമ്മുടെ കാലുകളെ സമാധാനമാർഗ്ഗത്തിൽ നടത്തേണ്ടതിന്നു ആ ആർദ്രകരുണയാൽ ഉയരത്തിൽ നിന്നു ഉദയം നമ്മെ സന്ദർശിച്ചിരിക്കുന്നു". ഈ ഉദയപ്രകാശത്തിലേക്ക് നമുക്കുണരാം. ഈ പ്രകാശത്തിൽ നമുക്ക് മുന്നേറാം. ഈ പ്രകാശത്തിൽ ലക്ഷ്യത്തിലേക്കുള്ള നമ്മുടെയാത്ര നമുക്ക് തുടരാം. ദൈവത്തിന്റെ മനുഷ്യമുഖത്തിന്റെ പ്രകാശം നമ്മിലൂടെ ലോകം ദർശിക്കട്ടെ.

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ



പുലാത്തീൻ,
28-10-2018

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**